**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1706** **19-01-2021 - ൽ മറുപടിയ്ക്ക്**

**കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി എന്നാണ് ആരംഭിച്ചത്; പ്രസ്തുത പദ്ധതിക്ക് കേന്ദ്ര നഗര വികസന മന്ത്രാലയം എത്ര തുകയാണ് അനുവദിച്ചതെന്നും അതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ; | (എ) | കൊച്ചിൻ സ്മാർട്ട് സിറ്റി പദ്ധതിക്കായുള്ള സ്പെഷ്യൽ പർപ്പസ് കമ്പനി 2016 മാർച്ച് 16 - ൽ രൂപികരിച്ചു. പ്രൊജക്റ്റ് മാനേജ്മന്റ് കൺസൾട്ടന്റിനെ സെപ്റ്റംബർ 2017-ൽ നിയമിച്ചു. പ്രസ്തുത പദ്ധതിക്ക് കേന്ദ്ര നഗര വികസന മന്ത്രാലയം 500 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ വിഹിതമായി 196കോടിയും കേരള സർക്കാരിന്റെ വിഹിതമായി 200 കോടി രൂപയും കൊച്ചിൻ സ്മാർട്ട് മിഷന് ലഭിച്ചു. 2020 ഡിസംബർ മാസത്തെ കണക്കു പ്രകാരം ഇതിൽ 170.14 കോടി രൂപ ചിലവാക്കി. |
| (ബി) | പ്രസ്തുത പദ്ധതിയുടെ കീഴിൽ ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ? | (ബി) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ കീഴിൽ റോഡുകൾ, ഹോസ്പിറ്റലുകൾ, സ്കൂൾ, മറൈൻഡ്രൈവ് വാക്‌വേ, പാർക്കുകൾ, പൊതു സ്ഥലങ്ങളുടെ നവീകരണം, ഇന്റഗ്രേറ്റഡ് സിറ്റി സെക്യൂരിറ്റി സർവെയ്‌ലൻസ്, സ്മാർട്ട് വാട്ടർ മീറ്റർ എന്നിവയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പദ്ധതി വിവരങ്ങൾ | പദ്ധതി തുക (കോടിയിൽ) | പദ്ധതി വിശദീകരണം |
|---|---|---|---|
| 1 | ഇന്റഗ്രേറ്റഡ് കമാൻഡ് കൺട്രോൾ ആൻഡ് കമ്മ്യൂണിക്കേഷൻ സെന്റർ | 64.50 | കേരളത്തിലെ ആദ്യത്തെ സംവിധാനമായ ഇന്റഗ്രേറ്റഡ് കമാൻഡ് കൺട്രോൾ ആൻഡ് കമ്മ്യൂണിക്കേഷൻ സെന്ററിലൂടെ വിവിധ സർക്കാർ വകുപ്പുകളിൽനിന്നും സേവനങ്ങളിൽനിന്നുമുള്ള കൃത്യമായ വിവരങ്ങൾ ശേഖരിച്ചു വിശകലനം ചെയ്തു വിലയിരുത്തി മികച്ച നഗരാസൂത്രണം സാധ്യമാക്കാൻ സഹായിക്കും. വിവിധ സർക്കാർ വകുപ്പുകളെ ഘട്ടം ഘട്ടമായി ഇതിലൂടെ ഏകോപിപ്പിച്ചു കൂടുതൽ സുതാര്യമായ രീതിയിൽ പ്രവർത്തനങ്ങൾ ചെയ്യാൻ സാധിക്കും.<br><br>64.50 കോടി രൂപയാണ് പദ്ധതി വിഹിതം. (32.25 കോടി രൂപ പദ്ധതി നടപ്പിലാക്കുന്നതിനും, 32.25 കോടി രൂപ പദ്ധതി പ്രവർത്തനത്തിനും പരിപാലനത്തിനും). |
| 2 | റൂഫ് ടോപ് സോളാർ പദ്ധതി | 5.70 | സ്കൂൾ, ഹോസ്പിറ്റൽ, കോടതി സമുച്ചയം, ഫയർ സ്റ്റേഷൻ തുടങ്ങിയ 28 ഗവർമെന്റ് കെട്ടിടങ്ങളിൽ 1 MW സൗരോർജ്ജ പദ്ധതി പ്ലാന്റുകൾ ഇതിനോടകം സ്ഥാപിച്ചുകഴിഞ്ഞു. |
| 3 | ഇ-ഹെൽത്ത് സൊല്യൂഷൻ | 3.82 | ഇ-ഹെൽത്ത് പ്രോജക്ടിന്റെ പ്രധാന സവിശേഷതകൾ കേന്ദ്രീകൃത ആരോഗ്യ വിവര സിസ്റ്റങ്ങൾ, ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡുകൾ, സെൻട്രൽ ഡെമോഗ്രാഫിക് ഡാറ്റാബേസ് എന്നിവയാണ്. ഇവയെല്ലാം ഉയർന്ന ബാൻഡ്‌വിഡ്ത്ത് ഉള്ള വിശ്വസനീയമായ ശൃംഖലയിലൂടെ സുഗമമാക്കുന്നു. ഇ ഹെൽത്ത് പ്രോജക്റ്റ് ഒരു വ്യക്തിയുടെ ആരോഗ്യ രേഖകൾ പരിപാലിക്കുന്നതിനും ട്രാക്കുചെയ്യുന്നതിനും സഹായിക്കുക മാത്രമല്ല, കൊച്ചി നഗരത്തിലെ ആരോഗ്യ സംബന്ധിയായ പ്രശ്നങ്ങളെ എളുപ്പത്തിൽ കണ്ടെത്താൻ കൂടി സഹായിക്കും. |
| 4 | പബ്ലിക് ബൈസിക്കിൾ ഷെയറിങ് | | പി പി പി മോഡലിൽ ചെയ്യുന്ന പദ്ധതിയാണ്. |
| 5 | ഭവനതല ഖരമാലിന്യ ശേഖരണത്തിനായ പദ്ധതി | 0.67 | ഖരമാലിന്യം വീടുകളിൽ നിന്നും/പൊതു സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്നതിനായി ബിന്നുകൾ വിതരണം ചെയ്യുകയും/ സ്ഥാപിക്കുകയും ചെയ്യുന്ന പദ്ധതി. എ ബി ഡി ഏരിയ കേന്ദ്രീകരിച്ചു നടക്കുന്ന പദ്ധതിയാണ്. |

| | | | |
|---|---|---|---|
| 6 | നടപ്പാത മഹാരാജ മുതൽബോട്ട് ജെട്ടി വരെ ഹോസ്പിറ്റൽ റോഡ് നവീകരണം: | 3.06 | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡാണ് സി എസ്സ് എം എൽ നുവേണ്ടി ഈ പദ്ധതി നടപ്പിലാക്കുന്നത്. നടപ്പാതകൾ ടൈൽ പാകി, വൈദ്യുതി വിളക്കുകൾ സ്ഥാപിക്കുകയും ചെയ്തു. വൈദ്യുതി, ഡാറ്റ കമ്പികൾ ഭൂമിക്കടിയിലൂടെ സ്ഥാപിക്കുന്നു. ഡ്രയിൻ സ്ഥാപിക്കുന്നതും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കെ എം ആർ എല്ലിന്റെ നേതൃത്വത്തിൽ ആണ് പദ്ധതി നടപ്പിലാക്കുന്നത്. 3.06 കോടി രൂപയാണ് പദ്ധതി വിഹിതം. |
| 7 | ഇന്റലിജൻസ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം. | 26.90 | സിറ്റിയിലെ ട്രാഫിക് പ്രശ്ന പരിഹാരത്തിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഇന്റലിജൻസ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം.<br>കൊച്ചി നഗരത്തിനു മുഴുവനായി ഒരു സമഗ്ര ഗതാഗത സംവിധാനം രൂപീകരിക്കുന്നതിനുള്ള പദ്ധതി. നഗരത്തിലെ പ്രധാന ജംഗ്ഷനുകളിൽ സിഗ്നലുകൾ സ്ഥാപിക്കുവാനും അവ തമ്മിൽ ബന്ധപ്പെടുത്തി വാഹന ഗതാഗതം നിയന്ത്രിക്കുവാനും ഉദ്ദേശിക്കുന്നു. സിഗ്നലുകളും അനുബന്ധ ക്യാമറകളും ഒരു കമാൻഡ് ആൻഡ് കൺട്രോൾ റൂമിൽ എത്തിക്കുവാനും അവിടെ നിന്ന് ഗതാഗതത്തെ നിയന്ത്രിക്കുവാനും സാധിക്കും. കെൽട്രോണിന്റെ നേതൃത്വത്തിൽ പദ്ധതി പൂർത്തീകരിച്ചു. 26.90 കോടി രൂപയാണ് പദ്ധതി നടത്തിപ്പ് വിഹിതം. (14.32 കോടി രൂപ പദ്ധതി നടപ്പിലാക്കുന്നതിനും, 12.58 കോടി രൂപ പദ്ധതി പ്രവർത്തനത്തിനും പരിപാലനത്തിനും). |
| 8 | ഭവന വികസന പദ്ധതി (PMAY/LIFE) | 13 | PMAY/LIFE മിഷന്റെ പദ്ധതിക്കായി 650 വീടുകൾ പൂർത്തീകരിക്കുന്നതിനായി കോർപറേഷന്റെ വിഹിതം ആയ 13 കോടി രൂപ നൽകി. |